**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വസ്തുനികുതി പരിഷ്കരണം - നടപടികളുടെ സമയക്രമം - രണ്ടാമത് പുനർക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. 1821/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം: 30.06.2012.

---

പരാമർശം:- 1) സ.ഉ.(സാധാ.) നം. 2414/2011/ത.സ്വ.ഭ.വ., തീയതി: 20.10.2011.

2) വസ്തുനികുതി പരിഷ്ക്കരണത്തിനുള്ള നടപടിക്രമം അവലോകനം ചെയ്യുന്നതിനായി 17.02.2012-ന് ചേർന്ന പ്രോപ്പർട്ടി ടാക്സ് ബോർഡ് യോഗത്തിന്റെ മിനിട്സ്.

3) സ.ഉ.(സാധാ.) നം. 716/2012/ത.സ്വ.ഭ.വ. തീയതി: 09.03.2012.

4) പഞ്ചായത്ത് ഡയറക്ടറുടെ കത്ത് നം. സി3-25570/11 തീയതി: 29.06.2012.

**<u>ഉത്തരവ്</u>**

സൂചന ഒന്ന് പ്രകാരം 2010-ലെ വാർഡ് വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ കെട്ടിടങ്ങൾക്കും നമ്പർ പ്ലേറ്റ് പതിച്ച് വസ്തു നികുതി നിർണ്ണയ റിട്ടേൺ രജിസ്റ്റർ തയ്യാറാക്കി 31.03.2012-ന് മുമ്പ് വസ്തുനികുതി വസൂലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും കൂടാതെ നമ്പർ പതിപ്പിക്കുക, കെട്ടിടങ്ങളുടെ അടിസ്ഥാന വിവരശേഖരണം നടത്തുക തുടങ്ങിയ പ്രക്രിയകൾക്ക് ഒരു സമയക്രമവും നിശ്ചയിച്ച് ഉത്തരവായിരുന്നു. ഈ സമയക്രമമനുസരിച്ച് മേഖലാ വിഭജനം, അടിസ്ഥാന വസ്തു നികുതി നിർണ്ണയം, ആക്ഷേപങ്ങൾ തീർപ്പാക്കൽ എന്നീ പ്രവൃത്തികൾ പൂർത്തിയായെങ്കിലും ഗ്രാമ പഞ്ചായത്തുകൾക്ക് നമ്പർ പ്ലേറ്റ് പതിക്കലിനും മറ്റു നടപടികൾക്കും കൂടുതൽ സമയം ആവശ്യമാണെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയും 17.02.2012-ന് ചേർന്ന വസ്തു നികുതി ബോർഡ് യോഗത്തിൽ സൂചന ഒന്നിലെ സമയക്രമം പുനർക്രമീകരിക്കുവാൻ തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

2) അതനുസരിച്ച് സൂചന ഒന്നിലെ സമയക്രമം പുനഃക്രമീകരിച്ച് സൂചന മൂന്ന് പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു. എന്നാൽ സംസ്ഥാനത്ത് കെട്ടിട നമ്പർ പതിക്കുന്ന നടപടിക്രമങ്ങൾ ഇനിയും പൂർത്തിയായിട്ടില്ലെന്നും ആയതിനാൽ കെട്ടിട ഉടമകൾ റിട്ടേൺ സമർപ്പിക്കേണ്ട സമയപരിധി 2 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകേണ്ടത് അനിവാര്യമാണെന്നു പരാമർശം നാലിലെ കത്തിൽ പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ ടി സമയക്രമം പ്രോപ്പർട്ടി

ടാക്സ് ബോർഡിന്റെ സാധൂകരണത്തിനു വിധേയമായി ചുവടെ വിശദമാക്കും വിധം പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

| | | |
|---|---|---|
| 1 | കെട്ടിടങ്ങൾക്ക് നമ്പർ പ്ലേറ്റ് പതിക്കൽ, നികുതി നിർണ്ണയം സംബന്ധിച്ചുള്ള പൊതു അറിയിപ്പ്, കെട്ടിട ഉടമകൾ റിട്ടേൺ സമർപ്പിക്കേണ്ട അവസാന തീയതി | 31.08.2012 |
| 2 | അസസ്സ്മെന്റ് രജിസ്റ്റർ തയ്യാറാക്കൽ | 30.09.2012 |
| 3 | നികുതിദായകർക്ക് ഡിമാന്റ് നോട്ടീസ് നൽകൽ | 16.10.2012 |

3)വസ്തു നികുതി പരിഷ്ക്കരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ നിലവിലുള്ള നിരക്കിൽ നികുതി ഈടാക്കേണ്ടതും നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പഴയനിരക്കിൽ ഈടാക്കിയതിലെ അപാകം (കൂടുതൽ / കുറവ്) പിന്നീട് ഒടുക്കേണ്ട നികുതിയിൽ ക്രമീകരിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം.
} പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.
മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന പ്രക്രിയകൾക്ക് ആവശ്യമായ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ, വെബ്സൈറ്റിൽ പ്രസിദ്ധീകരണം / അസസ്മെന്റ് രജിസ്റ്റർ - വിവര ശേഖരണം/ ഡിമാന്റ് നോട്ടീസ് എന്നീ കാര്യങ്ങളുൾപ്പെടെയുള്ള ഓൺലൈൻ വിന്യാസ സംവിധാനം ഉറപ്പാക്കുന്നതിന് / വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി., തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം. (വെബ്സൈറ്റുകളിലൂടെയും മറ്റ് മാധ്യമങ്ങളിലൂടെയും പ്രാധാന്യത്തോടെ പൊതുജന ശ്രദ്ധയിൽ കൊണ്ട് വരുന്നതിന്).
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
[signature]
സെക്ഷൻ ഓഫീസർ.